കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലെ നിയമനം

29. [46] ശ്രീ. കല്പട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫൈനാൻഷ്യൽ കോർപ്പറേഷനിൽ സംവരണതത്വം പാലിച്ചുകൊണ്ട് നിയമനം നടത്തിത്തുടങ്ങിയത് എന്നു മുതലാണ്;

(ബി) കെ. എഫ്. സി. യിൽ ആകെ എത്ര ഉദ്യോഗസ്ഥൻമാർ ഉണ്ട്;

(സി) ഓരോ കാറ്റഗറിയിലും എത്ര പേർ വീതം;

(ഡി) ഓരോ കാറ്റഗറിയിലും എത്ര ഹരിജനങ്ങൾ വീതം ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 9-9-1970 മുതലാണ്.

(ബി) 216 പേരുണ്ട്.

(സി) ഓരോ കാറ്റഗറിയിലും ഉള്ളവരുടെ കണക്ക് താഴെ പറയും പ്രകാരമാണ്:

മാനേജിംഗ് ഡയറക്ടർ	..	1
സെക്രട്ടറി	..	1
ഫൈനാൻസ് മാനേജർ	..	1
ലീഗൽ അഡ്വൈസർ	..	1
ടെക്നിക്കൽ അഡ്വൈസർ	..	1
സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ	..	1
ലാൻഡ് വാല്യുവേഷൻ ഓഫീസർ	..	5
മാനേജർ (ജനറൽ)	..	3
മാനേജർ (ടെക്നിക്കൽ)	..	2
മാനേജർ (ലീഗൽ)	..	1
ഡെപ്യൂട്ടി മാനേജർ (ജനറൽ)	..	3
ഡെപ്യൂട്ടി മാനേജർ (ലീഗൽ)	..	2
സീനിയർ ടെക്നിക്കൽ ഓഫീസർ	..	5
അസിസ്റ്റന്റ് മാനേജർ (ലീഗൽ)	..	4
അസിസ്റ്റന്റ് മാനേജർ (ജനറൽ)	..	19
ജൂനിയർ ടെക്നിക്കൽ ഓഫീസർ	..	2
ജൂനിയർ എക്സിക്യൂട്ടീവ് ഇൻസ്പെക്ടർ	..	51
ലീഗൽ ഓഫീസർ	..	10
അസിസ്റ്റന്റ് (ജനറൽ)	..	23
ലീഗൽ അസിസ്റ്റന്റ്	..	16
ടൈപ്പിസ്റ്റ്	..	24
സ്റ്റെനോഗ്രാഫർ	..	9
പ്യൂൺ/അറ്റൻഡർ	..	27
ഡ്രൈവർ	..	3
വിജിലൻസ് ഓഫീസർ	..	1

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓരോ കാറ്റഗറിയിലുമുള്ള ഹരിജനങ്ങളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നതുപോലെയാണ്:

അസിസ്റ്റൻറ് മാനേജർ	..	1
ജൂനിയർ എക്സിക്യൂട്ടീവ് ഇൻസ്പെക്ടർ	..	4
ലാൻഡ് വാല്യുവേഷൻ ഓഫീസർ	..	1
അസിസ്റ്റൻറ്	..	5
ലീഗൽ അസിസ്റ്റൻറ്	..	1
ടൈപ്പിസ്റ്റ്	..	3
പ്യൂൺ/അറ്റൻഡർ	..	4
ഡ്രൈവർ	..	1

കേരള ഫൈനാൻഷ്യൽ കോർപ്പറേഷനിൽനിന്നും ഹരിജനങ്ങൾക്ക് ലോൺ

30 [47] [ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫൈനാൻഷ്യൽ കോർപ്പറേഷനിൽനിന്നും ഹരിജനങ്ങൾക്ക് [പത്യേക പരിഗണനയിൽ ലോൺ നൽകുന്നതിനുള്ള സ്കീം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) [പസ്തുത കോർപ്പറേഷൻ തുടങ്ങിയശേഷം എത്ര ഹരിജനങ്ങൾക്ക് ഏതെല്ലാം ആവശ്യങ്ങൾക്ക് എത്ര ലക്ഷം രൂപ നൽകിയിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹരിജനങ്ങൾക്ക് ലോൺ കൊടുക്കുന്നതിനുള്ള സ്കീമുകൾ താഴെപ്പറയുന്നവയാണ്.

1. പരമാവധി ഒരാൾക്ക് 50,000 രൂപയും ഒന്നിൽ കൂടുതൽ ആൾക്കാർ ചേർന്നുള്ള വ്യവസായത്തിന് ഒരു ലക്ഷം രൂപയും ധനസഹായം ലഭിക്കും.

2. വായ്പ തിരിച്ചടക്കുന്നതിന് 10 വർഷത്തെ കാലാവധിയുണ്ട്. എന്നാൽ പിന്നോക്ക ജില്ലയിൽ തുടങ്ങുന്ന വ്യവസായങ്ങൾക്കുള്ള വായ്പ തിരിച്ചടക്കുന്നതിന് 15 വർഷം വരെ കാലാവധി നൽകുന്നുണ്ട്. ആദ്യത്തെ രണ്ടുമുതൽ മൂന്നു വർഷം വരെ മുതൽ തിരിച്ചടക്കേണ്ടതില്ല.

3. പിന്നോക്ക ജില്ലയിൽ തുടങ്ങുന്ന വ്യവസായങ്ങൾക്ക് 6½ ശതമാനം പലിശക്കും മുന്നോക്ക ജില്ലയിൽ തുടങ്ങുന്ന വ്യവസായങ്ങൾക്ക് 8 ശതമാനം പലിശക്കും ആണ് വായ്പ നൽകുന്നത്.

4. സ്ഥിരനിക്ഷേപത്തിന്റെ 90 ശതമാനം വായ്പയായി ലഭിക്കും.

5. ഈ വിഭാഗത്തിൽ നിന്നുള്ള അപേക്ഷകരിൽനിന്നും അപേക്ഷാ ഫീസോ, പ്രോസസിംഗ് ഫീസോ ഈടാക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly